പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2255 **27-10-2026-ൽ മറുപടിയ്ക്ക്**

ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) മാവേലിക്കര മണ്ഡലത്തിൽ ചാരുമൂട് കേന്ദ്രമാക്കി ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നത് പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി 2019 വർഷത്തിൽ സർക്കാരിന് സമർപ്പിച്ച മുൻഗണന പട്ടികയിൽ ചാരുമൂട് ഉൾപ്പെടുത്തിയിരുന്നില്ല. ചാരുമൂട് കേന്ദ്രമാക്കി ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ വിശദമായ പഠനം നടത്തി കോട്ടയം റീജിയണൽ ഫയർ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ സ്ഥാപിക്കണം എന്നാവശ്യപ്പെട്ട് മാവേലിക്കര എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്. ചാരുംമൂട് കേന്ദ്രമാക്കി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ബഹു. മാവേലിക്കര എം.എൽ.എ.- നല്കിയ കത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന് ഈ വിഷയത്തിൽ വിശദമായ പഠനം നടത്തി കോട്ടയം റീജിയണൽ ഫയർ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

മറുപടി: സംസ്ഥാനത്ത് പുതുതായി ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രദേശത്തെ ജനസാന്ദ്രത

ബി) റെസ്പോൺസ് ടൈം

സി) പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകത

ഡി) അപകടസാധ്യതാ ഘടകം, പ്രതികരണസമയം, ഭൂപ്രകൃതി(പ്രദേശം

ഇ)വ്യത്യസ്ത അപകട സാധ്യതയുള്ള പ്രദേശങ്ങളും ഫയർ സ്റ്റേഷനുകളും തമ്മിലുള്ള റോഡ്/ വ്യോമഗതാഗത ദൂരവും അപകടസാധ്യതാ ഘടകവും

എഫ്) other Factors

i. നിർദ്ദിഷ്ട സ്ഥലത്ത് മുൻകാലങ്ങളിൽ പ്രകൃതി ദുരന്തങ്ങൾ ആവർത്തിച്ച ചരിത്രം

ii. നിർദ്ദിഷ്ട സ്ഥലത്ത് തൊട്ടുള്ള ഫയർ സ്റ്റേഷനിൽ അറ്റൻഡ് ചെയ്യുവരുന്ന അപകട സന്ദേശങ്ങളുടെ എണ്ണത്തിൽ വർദ്ധനവ്.

iii. നിർദ്ദിഷ്ട സ്ഥലത്ത് വലിയ ജലാശയങ്ങൾ, കായലുകൾ, വലിയ പുഴകൾ എന്നിവയുടെ സാന്നിദ്ധ്യം.

(ഡി) സംസ്ഥാനത്ത് ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ സ്ഥാപിച്ചിട്ടില്ലാത്ത താലൂക്കുകൾ ഉണ്ടോയെന്നും അവ ഏതൊക്കെയെന്നും അറിയിക്കുമോ?

മറുപടി:

ജില്ല	**താലൂക്ക്**
കാസറഗോഡ്	വെള്ളരിക്കുണ്ട്
പാലക്കാട്	അട്ടപ്പാടി (ടൈബൽ)
മലപ്പുറം	കൊണ്ടോട്ടി
പത്തനംതിട്ട	മല്ലപ്പള്ളി

സെക്ഷൻ ഓഫീസർ